REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളത്തിൽ തുലാവർഷം ശക്തം. വടക്കൻ കേരളത്തിൽ ഇന്ന് മുതൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **മുല്ലപ്പെരിയാർ ഡാമിൽ നിന്നും കൂടുതൽ വെള്ളം ഒഴുക്കി തുടങ്ങിയതോടെ പെരിയാറിലെ ജലനിരപ്പ് ഉയർന്നു.**
- **PM ശ്രീ പദ്ധതിയിൽ ചേരാൻ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനത്തിൽ CPI നിലപാട് വ്യക്തമാക്കണമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ്.**
- **ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തിന് ആയിരം സ്പെഷ്യൽ പൊലീസ് ഓഫീസർമാരെ നിയോഗിക്കാൻ സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി.**
- **ICC വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിൽ തുലാവർഷം ശക്തം. വടക്കൻ കേരളത്തിൽ ഇന്ന് മുതൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മുല്ലപ്പെരിയാർ ഡാമിൽ നിന്നും കൂടുതൽ വെള്ളം ഒഴുക്കി തുടങ്ങിയതോടെ പെരിയാറിലെ ജലനിരപ്പ് ഉയർന്നു. പലയിടത്തും വീടുകളിൽ വെള്ളം കയറി. ഓറഞ്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്ന ജില്ലയിൽ കനത്ത ജാഗ്രത എർപ്പെടുത്തിയിട്ടുണ്ട്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ....

.......വോയ്സ്.....

മുല്ലപ്പെരിയാർ ഡാമിൽ നിന്നും തുറന്ന് വിടുന്ന വെള്ളത്തിന്റെ അളവ് സെക്കന്റിൽ 10000 ഘന അടിയാക്കി ഉയർത്തിയതോടെ പെരിയാർ കരകവിഞ്ഞൊഴുകാൻ തുടങ്ങി.

താഴ്ന്ന പ്രദേശങ്ങളായ വണ്ടിപ്പെരിയാർ കറുപ്പ്പാലം ഭാഗത്ത് വീടുകളിൽ വെള്ളം കയറി. ഇവിടെ താമസിച്ചിരുന്നവർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറി.

നിലവിൽ 139.30 അടിയാണ് ഡാമിലെ ജലനിരപ്പ്. 13 സ്പിൽവേ ഷട്ടറുകളും ഒന്നര മീറ്റർ വീതം ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്.

തുറന്ന് വിടുന്ന വെള്ളത്തിന്റെ അളവ് കൂടാൻ സാധ്യതയുള്ളതിനാൽ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന ജില്ലാ ഭരണകൂടം ഉച്ചഭാഷിണിയിലൂടെയടക്കം പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്.

അതേസമയം കഴിഞ്ഞ രാത്രിയിൽ കുമളി ഭാഗത്ത് വെള്ളം കയറിയ വീടുകളിലേക്ക് ആളുകൾ മടങ്ങിയെത്തി തുടങ്ങി. ഇന്ന് പകൽ ഇതുവരെ മഴയുണ്ടായില്ല. ഓറഞ്ച് ജാഗ്രതയുടെ പശ്ചാത്തലിൽ ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിലടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വരും ദിവസങ്ങളിൽ സംസ്ഥാനത്ത് കൂടുതൽ മഴ ലഭിക്കുമെന്നാണ് കരുതുന്നതെന്ന് മന്ത്രി K രാജൻ അറിയിച്ചു. ഈ മാസം 24 വരെ എല്ലാവരും ജാഗ്രത പുലർത്തണമെന്നും, ഇടിയും മിന്നലും കരുതലോടെ കാണണമെന്നും വൈകുന്നേരങ്ങളിൽ പുറത്തിറങ്ങുമ്പോൾ ശ്രദ്ധിക്കണമെന്നും മന്ത്രി തൃശൂരിൽ നിർദ്ദേശിച്ചു.

✪✪✪

കല്ലാർ ഡാമിലെ തുറന്ന നാല് ഷട്ടറുകളിൽ മൂന്നെണ്ണം അടച്ചു. ഡാമിലേക്ക് രാവിലെയും ശക്തമായ രീതിയിൽ ജലം ഒഴുകി എത്തുന്നുണ്ട്. നിലവിൽ 802 മീറ്റർ ആണ് ജലനിരപ്പ്.

✪✪✪

അയോധ്യയിൽ ഇന്നത്തെ ദീപോത്സവത്തിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ദീപോത്സവത്തിന്റെ ഒൻപതാം വാർഷികത്തിൽ പങ്കെടുക്കാൻ ലക്ഷങ്ങൾ അയോധ്യയിലെത്തിയിട്ടുണ്ട്. സരയൂ തീരത്തെ 56 തീർത്ഥഘട്ടങ്ങളിൽ 26 ലക്ഷത്തി 11,101 മൺചെരാതുകൾ തെളിയിക്കാനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ വർഷം 26 ലക്ഷം ചെരാതുകളെന്ന റെക്കോർഡ് സൃഷ്ടിച്ചിരുന്നു. യുദ്ധവിജയത്തിനു ശേഷം അയോധ്യയിൽ തിരികെയെത്തിയ ശ്രീരാമനെ ദീപങ്ങൾ തെളിയിച്ച് ജനങ്ങൾ വരവേറ്റുവെന്നാണ് ഐതിഹ്യം.

✪✪✪

ഉത്സവ സീസണിലെ തിരക്ക് പരിഗണിച്ച് 12,000 ത്തോളം പ്രത്യേക ട്രെയിനുകൾ രാജ്യത്ത് സർവീസ് നടത്തുന്നുണ്ടെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. കനത്ത തിരക്കിൽ യാത്രക്കാരുടെ സൗകര്യം ഉറപ്പാക്കാൻ റെയിൽവെ ജീവനക്കാർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്ന് ന്യൂഡൽഹി റെയിൽവെ സ്റ്റേഷൻ സന്ദർശിച്ച അശ്വിനി വൈഷ്ണവ് പറഞ്ഞു.

ദീപാവലി ആഘോഷത്തിൽ പങ്കുചേരുന്നതിന് ഉത്തരേന്ത്യയിലെ തൊഴിലാളികളടക്കം ആളുകൾ ജന്മനാട്ടിലേക്ക് പോകുന്നത് പരിഗണിച്ചാണ് റെയിൽവെ കൂടുതൽ യാത്രാ സൗകര്യം ഏർപ്പെടുത്തിയത്.

അതേ സമയം ആഭ്യന്തര വിമാനടിക്കറ്റുകളുടെ നിരക്ക് ഗണ്യമായി വർദ്ധിച്ചിട്ടുമുണ്ട്. ഡൽഹി, ലഖ്നൗ, അമൃത് സർ എന്നിവിടങ്ങളിലേക്കാണ് വിമാനങ്ങൾക്ക് ഏറ്റവും കൂടുതൽ നിരക്ക്.

✪✪✪

റെയിൽവേ പ്രവർത്തനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വീഡിയോകൾ പങ്കിടുന്ന സാമൂഹ്യമാധ്യമ അക്കൗണ്ടുകൾക്കെതിരെ കർശന നടപടിയെടുക്കാൻ ഇന്ത്യൻ റെയിൽവേ തീരുമാനിച്ചു. ഈ ഉത്സവകാലത്ത് ചില അക്കൗണ്ടുകൾ പഴയതോ തെറ്റിദ്ധരിപ്പിക്കുന്നതോടെ ആയ വീഡിയോകൾ പ്രചരിപ്പിക്കുന്നുണ്ടെന്നും ഇത് യാത്രക്കാരിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ടെന്നും റെയിൽവേ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ന്യൂഡൽഹിയിലെ ദേശീയ പോലീസ് സ്മാരകത്തിൽ മറ്റന്നാൾ പൊലീസ് സ്മൃതി ദിനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പൊലീസ് രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിക്കും. 1959 ഒക്ടോബർ 21 ന് ലഡാക്കിൽ ചൈനീസ് സൈന്യം കൊലപ്പെടുത്തിയ പത്ത് ധീര പോലീസുകാരുടെ ത്യാഗത്തെ ആദരിക്കാനാണ് ഈ ദിവസം ആചരിക്കുന്നത്.

✪✪✪

കൊച്ചി കളമശ്ശേരിയിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ഓരോ മാസവും ഒന്നോ രണ്ടോ സ്നേഹവീടുകൾ കൈമാറാൻ സാധിക്കുന്നുണ്ടെന്ന് മന്ത്രി P രാജീവ് പറഞ്ഞു. ഇന്നലെ 11-ാമത്തെ സ്നേഹവീട് ഏലൂർ മാട്ടുപുറത്തെ ഒരു കുടുംബത്തിന് കൈമാറിയതായി അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. 22-ാമത്തെ വീടിന്റെ നിർമ്മാണം പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

അഞ്ചാമത് P ഗോവിന്ദപ്പിള്ള പുരസ്കാരം പ്രശസ്ത സംഗീതജ്ഞൻ TM കൃഷ്ണക്ക് PG-യുടെ ഓർമ്മദിനമായ ബുധനാഴ്ച സമ്മാനിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. MA ബേബി, രാജശ്രീ വാര്യർ, ശ്രീവത്സൻ J മേനോൻ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാരജേതാവിനെ തെരഞ്ഞെടുത്തത്.

✪✪✪

സൗരജ്വാലയിൽ നിന്ന് ചന്ദ്രനിലേക്കെത്തുന്ന വികിരണങ്ങളെക്കുറിച്ച് ലോകത്താദ്യമായി ഇന്ത്യയുടെ ചന്ദ്രയാൻ -2 ഓർബിറ്റർ, നിരീക്ഷണം നടത്തിയതായി ISRO അറിയിച്ചു. ചന്ദ്രന്റെ അന്തരീക്ഷത്തെക്കുറിച്ച് കൂടുതൽ അറിവു നേടാൻ ഇത് സഹായിക്കുമെന്ന് ഇസ്രോ ബംഗലൂരുവിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ പതിനൊന്നിന് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

✪✪✪

പേരാമ്പ്രയിൽ ഷാഫി പറമ്പിൽ MPക്ക് പരുക്കേൽക്കാനിടയായ സംഭവത്തിന്റെ യഥാർഥ്യം പുറത്ത് വരാൻ CPIM അനുവദിക്കുന്നില്ലെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് മാധ്യമങ്ങളോട് പറഞ്ഞു. വിഷത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് ആവശ്യപെട്ടു.

കോൺഗ്രസ് പുനഃസംഘടനയിൽ ആർക്കും കാര്യമായ അതൃപ്തിയില്ലെന്നും അദ്ദേഹം പറഞ്ഞു.

PM ശ്രീ പദ്ധതിയിൽ ചേരാൻ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനത്തിൽ CPI നിലപാട് വ്യക്തമാക്കണമെന്ന് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. ദേശീയ വിദ്യാഭ്യാസ നയത്തെ അംഗീകരിക്കില്ലെന്ന് പറഞ്ഞ വിദ്യാഭ്യാസമന്ത്രി ഇപ്പോൾ നിലപാട് മാറ്റുകയാണെന്നും സണ്ണി ജോസഫ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

PM ശ്രീ പദ്ധതി വിഷയത്തിൽ സംസ്ഥാന ഗവൺമന്റ് നേരത്തെയെടുത്ത തീരുമാനത്തിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് മന്ത്രി K രാജൻ പറഞ്ഞു. പുതിയ സാഹചര്യം ഉണ്ടായതായി അറിയില്ലെന്ന് മന്ത്രി തൃശൂരിൽ പറഞ്ഞു.

✪✪✪

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തിന് ആയിരം സ്പെഷ്യൽ പൊലീസ് ഓഫീസർമാരെ നിയോഗിക്കാൻ സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. തിരക്ക് നിയന്ത്രിക്കാനും ക്രമസമാധാന പാലനത്തിനുമാണ് ഇവരെ നിയോഗിക്കുന്നത്. വിരമിച്ച പൊലീസ്, സൈനിക ഉദ്യോഗസ്ഥർ, NCC ക്യാഡറ്റുകൾ എന്നിവർക്കാണ് നിയമനം. ദിവസം 600 രൂപ വേതനത്തിൽ പരമാവധി 60 ദിവസത്തേക്കായിരിക്കും നിയമനം.

✪✪✪

പെർത്തിൽ ഓസ്ട്രേലിയക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 37 റൺസെടുത്തിട്ടുണ്ട്. പിച്ചിലെ നനവിനെ തുടർന്ന് മത്സരം തൽക്കാലത്തേക്ക് നിർത്തി വെച്ചിരിക്കുകയാണ്.

നീണ്ട ഇടവേളയ്ക്ക് ശേഷം ക്രീസിലേക്ക് മടങ്ങിയെത്തിയ രോഹിത് ശർമയുടേയും വിരാട്കോലിയുടേയും ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെയും വിക്കറ്റുകളാണ് ഇന്ത്യക്ക് നഷ്ടമായത്. ഇടക്ക് പെയ്ത മഴകാരണം മത്സരം 49 ഓവറായി വെട്ടിക്കുറച്ചിട്ടുണ്ട്.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇൻഡോർ ഹോൾക്കർ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം. തുടർച്ചയായ രണ്ട് പരാജയങ്ങൾക്കു ശേഷം തിരികെയെത്താനാണ് ഹർമൻപ്രീത് കൗറിന്റെ

നേതൃത്വത്തിൽ ടീം ഇന്ത്യയുടെ ശ്രമം. പോയിന്റ്പട്ടികയിൽ നാലാം സ്ഥാനക്കാരായ ഇന്ത്യയ്ക്ക് തൊട്ടുമുകളിലാണ് ഇംഗ്ലണ്ടിന്റെ സ്ഥാനം.

ഇന്നലെ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ പാകിസ്ഥാൻ- ന്യൂസിലാൻഡ് മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു.

✪✪✪

കേരള ടൂറിസം വകുപ്പിന്റെ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം ഇന്ന് കാസർകോട് അച്ചാംതുരുത്തി കോട്ടപ്പുറം പാലത്തിന് സമീപം തുടങ്ങും. മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

സുൽത്താൻ ഓഫ് ജോഹോർ കപ്പ് ഹോക്കി അവസാന മത്സരത്തിൽ ഇന്ത്യക്ക് വെള്ളി മെഡൽ. മലേഷ്യയിലെ ജോഹോറിൽ ഒന്നിനെതിരെ രണ്ട് ഗോളിന് ഓസ്ട്രേലിയയാണ് ഇന്ത്യയെ പരാജയപ്പെടുത്തിയത്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി തലശ്ശേരിയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. വൈകിട്ട് മന്ത്രി OR കേളു സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

..........വോയ്സ്.....

അതിർവരമ്പുകളില്ലാത്ത വിധം ദേശങ്ങളും ഭാഷയും സംസ്കാരവും ഒന്നിപ്പിച്ചു കൊണ്ടാണ് രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരശ്ശീല വീഴുന്നത്

തിരുവനന്തപുരത്ത് നടന്ന 29ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച 177 സിനിമകളിൽനിന്ന് തെരഞ്ഞെടുത്ത 55 ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്.

അന്താരാഷ്ട്ര മൽസരവിഭാഗത്തിൽനിന്നുള്ള 14 ചിത്രങ്ങളും, ലോകസിനിമാ വിഭാഗത്തിൽനിന്നുള്ള 12 ചിത്രങ്ങളും ഇതിൽ ഉൾപ്പെടുന്നു

മേളയുടെ ഭാഗമായി എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിച്ചുകൊണ്ടുള്ള ഫോട്ടോ എക്സിബിഷൻ നിരവധി ആളുകളെ ആകർഷിച്ചു . ദേശീയ അവാർഡ് ജേതാവ് വിജയ രാഘവനെ സ്പീക്കർ എ.എൻ. ഷംസീർ

ആദരിക്കും. മൂന്ന് തി യേറ്ററുകളിലായി രാവിലെ മുതൽ 15 സിനിമകൾ പ്രദർശിപ്പിക്കുന്നുണ്ട്.

✪✪✪

കൊയ്ത്ത് യന്ത്രങ്ങളുടെ കുറവ് പാലക്കാട് ജില്ലയിലെ ഒന്നാം വിള കൊയ്ത്ത് പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കൊയ്ത്ത് യന്ത്രങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് പല പാടശേഖരങ്ങളിലും കൊയ്ത്ത് നീട്ടിവയ്ക്കേണ്ട സ്ഥിതിയാണെന്ന് കർഷകർ പറയുന്നു.

പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത്..

.........വോയ്സ്......

ദീപാവലി ആഘോഷിക്കാൻ തമിഴ്നാട്ടിൽ നിന്നുള്ള ഡ്രൈവർമാർ നാട്ടിലേക്ക് മടങ്ങിയതോടെയാണ് ജില്ലയിലെ ഒന്നാം വിള കൊയ്ത്തിനു ആവശ്യത്തിന് കൊയ്ത്ത് യന്ത്രങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടായിരിക്കുന്നത്.ഉള്ള കൊയ്ത്ത് യന്ത്രങ്ങൾ പരസ്പരം ലഭ്യമാക്കിയാണ് പലയിടത്തും കൊയ്ത്ത് പുരോഗമിക്കുന്നത്.കേരളത്തെക്കാൾ ഉയർന്ന കൊയ്ത്തു കൂലി ലഭിക്കുന്നതിനാൽ തമിഴ്നാട്ടിൽ നിന്നുള്ള കൊയ്ത്തു യന്ത്രങ്ങളുടെ ലഭ്യതയിലും കുറവു വന്നിട്ടുണ്ടെന്നാണ് കർഷകർ പറയുന്നത്. നെൽ കൃഷി കൂടുതലാണെങ്കിലും കൊയ്ത്തു യന്ത്രങ്ങൾ പരിമിതമാണെന്നത് ജില്ലയിലെ കർഷകർ നേരിടുന്ന ഒരു പ്രതിസന്ധിയാണ്.കൃഷി വകുപ്പിന് കീഴിലുള്ള വിരലിലെണ്ണാവുന്ന കൊയ്ത്തു യന്ത്രങ്ങൾ മിക്ക സമയത്തും കട്ടപ്പുറത്താണെന്നും കർഷകർ പരാതിപ്പെടുന്നുണ്ട്.

✪✪✪

നന്മനിറഞ്ഞ സേവനങ്ങൾക്കായി കുട്ടികൾ മുന്നിട്ടിറങ്ങണമെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് നാഷണൽ ജംബൂരിക്ക് മുന്നോടിയായി സംസ്ഥാനതല 'ജോട്ട-ജോട്ടി 2025'ഗെറ്റ്-ടുഗെതർ തിരൂർ ഫാത്തിമമാതാ LP സ്കൂളിൽ ഉദ്ഘാടനംചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ ആസാദ്*
*DEO : സി കെ സുബോധ്*